[Mr. K. K. Chellappan Pillai]

മാവേലിക്കര താലൂക്കിൽ ആറാട്ടുകടവിൽനിന്നും നൊടീക്കായൽ വരെയുള്ള തോട്ടം, പാണ്ടിയൻ തോട്ടം, പന്തളം—മാവറത്തോട്ടം നന്നാക്കി കിട്ടണമെന്നുള്ള നാട്ടുകാരുടെ നിവേദനത്തിന് എന്തു നടപടി എടുത്തിട്ടുണ്ട്?

HON'BLE MR. K. R. ELANKATH : തൊടിയൂർ ആറാട്ടുകടവുകനാലിന്റെ കുറെ ഭാഗം നന്നാക്കിയിട്ടുണ്ട്. താൽപര്യമുള്ള കൃഷിക്കാർ സഹകരിക്കുകയാണെങ്കിൽ ബാക്കി ഭാഗങ്ങളും നന്നാക്കുന്നതിന് നടപടികൾ എടുക്കുന്നതാണ്. പാണ്ടിയൻതോട് ആണ്ടുതോറും വേണ്ടവിധം നന്നാക്കി വരുന്നുണ്ട്. പന്തളം മാവറത്തോട് നന്നാക്കുന്നതിന് ഒരു എസ്റ്റിമേറു സാംക്ഷൻ ചെയ്യുടെൻഡറുകൾ വിളിച്ചിട്ടുണ്ട്. എന്നാൽ ജോലി ഏറ്റെടുത്തു നടത്തുന്നതിനു കൺട്രാക്റ്റർമാരോ മറ്റു താൽപ്പര്യമുള്ള കൃഷിക്കാരോ മുന്നോട്ടു വന്നിട്ടില്ല.

അവശസമുദായങ്ങൾ.

115. MR. P. K. KRISHNAN SASTRI *(Meenachil II—Pulaya)* : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്കസമുദായഡിപ്പാർട്ടുമെന്റിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

ഗവണ്മെൻറിന്റെ സഹായങ്ങൾക്കു വിധേയമായിട്ടുള്ള അവശസമുദായങ്ങൾ ഏതെല്ലാമെന്നും അവർക്കു നൽകുന്ന സഹായത്തിന്റെ പരിമിതി എന്തെന്നും പറയുവാൻ മയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെൻറിൽനിന്നും സഹായത്തിനു വിധേയരായിട്ടുള്ള അവശസമുദായങ്ങളുടെ വിവരം ഞാൻ വായിക്കാം.

(എ) വെണവർ
(ബി) അരയൻ
(സി) ബാർബർ
(ഡി) കാക്കാലൻ
(ഇ) കുറവർ
(എഫ്) കണിയാർ
(ജി) മറവർ
(എച്ച്) പുലയൻ

LIBRARY ARCHIVES Kerala Legislative Assembly

(൯) പറയർ (സാമ്പവർ ഉൾപ്പെടെ)
(൧൦) പതിയൻ
(൧൧) പുലയർ (ചേരമർ ഉൾപ്പെടെ)
(൧൨) വാലൻ
(൧൩) വേടൻ
(൧൪) വേലൻ
(൧൫) ചക്കിലിയൻ
(൧൬) പരവർ (ഭരതർ ഉൾപ്പെടെ)
(൧൭) അരശർ
(൧൮) കാണിക്കാർ
(൧൯) വള്ളൻ
(൨൦) വെള്ളാടൻ
(൨൧) പാണ്ഡിയൻ
(൨൨) വാതിരിയാർ
(൨൩) ഒട്ടർ
(൨൪) ഉള്ളാടൻ

ഇതിൽ വാലന്മാർക്ക് അതായത് മീൻപിടിത്തവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ പ്രവർത്തനകേന്ദ്രങ്ങൾക്കു സമീപമായി പണ്ടാരപ്പാട്ടം സ്ഥലം വീതം കൊടുക്കണമെന്ന് ഗവണ്മെന്റിൽനിന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോരുത്തർക്കും സഹായം ചെയ്യുന്നത് ആ സഹായം ആവശ്യപ്പെടുന്ന വ്യക്തികൾ ഉൾപ്പെട്ട സമുദായങ്ങൾ എത്ര മാത്രം അവശതകൾ അനുഭവിക്കുന്നുണ്ട് എന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

MR. K. RAMACHANDRAN (*Pathanamthitta I—General*) : വിശ്വകർമ്മ സമുദായത്തിലും അവശതകളനുഭവിക്കുന്നവരുണ്ടെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ കണ്ടേക്കാം.

MR. K. RAMACHANDRAN : അവരെക്കൂടെ ദയവുചെയ്ത് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുമോ?

HON'BLE MR. T. K. NARAYANA PILLAI : അതേപ്പറ്റി ആലോചിക്കാം.

MR. P. K. KRISHNAN SASTRI : അവശസമുദായങ്ങളെ തിരിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അവശതകളുടെ നിലയെ അടിസ്ഥാനപ്പെടുത്തിയാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : അവശതകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : പല മാനദണ്ഡങ്ങളുമുണ്ട്. സാമ്പത്തികമായും, രാഷ്ട്രീയമായും, വിദ്യാഭ്യാസപരമായും, സാമൂഹ്യമായും അവശതകൾ ഉണ്ട്.

MR. P. M. VARGHESE (*Thodupuzha II—General*) : സമുദായപരമായ അവശത ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അതിനു തൽക്കാലം മറുപടി പറയാൻ നിവൃത്തിയില്ല.

MR. P. CHACKO (*Thiruvalla I—General*) : ക്രിസ്തുമതം സ്വീകരിച്ചാൽ അവശതമാറുമോ?

HON'BLE MR. T. K. NARAYANA PILLAI : ക്രിസ്തുമതം സ്വീകരിക്കുന്നതിനെസംബന്ധിച്ചല്ല പ്രധാന ചോദ്യം. അതുകൊണ്ടു സപ്ലിമെൻററി ചോദ്യമായ ഇതു ചോദിച്ചാൽ ഉത്തരം പറയാൻ നിവൃത്തിയില്ല.

MR. P. CHACKO : ക്രിസ്തുമതം സ്വീകരിച്ചാൽ അവശസമുദായങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ കൊടുക്കുന്നില്ലെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതേപ്പറ്റി ഗവണ്മെൻറ് അന്വേഷിക്കുന്നതാണ്.

MR. ABDUL AZIZ : ഇവിടെ വായിച്ച ലിസ്റ്റിൽ ഹിന്ദുമതത്തിൽപ്പെട്ട ആളുകൾ മാത്രമേ ഉൾപ്പെട്ടുന്നുള്ളൂ. മറു സമുദായങ്ങളിൽ അവശതയനുഭവിക്കുന്നവർ ഇല്ലെന്ന വിചാരംകൊണ്ടാണോ? അതല്ല ഹിന്ദുക്കൾക്കുമാത്രം പ്രത്യേകാനുകൂല്യങ്ങൾ ചെയ്താൽ മതിയെന്നുള്ള ഉദ്ദേശത്തോടുകൂടിയാണോ ഇങ്ങനെ ചെയ്തിരിക്കുന്നതു ?

HON'BLE MR. T. K. NARAYANA PILLAI : ഹിന്ദുസമുദായത്തെപ്പറ്റിയാണു് ഞാൻ ലിസ്റ്റു് വായിച്ചതു്. മറുള്ള സമുദായങ്ങളെ സംബന്ധിച്ചാണെങ്കിൽ ചോദ്യങ്ങളയച്ചാൽ അന്വേഷിച്ചു് മറുപടി പറയാം.

MR. ABDUL AZIZ : മതപരമായ അടിസ്ഥാനത്തിൽ അവശസമുദായങ്ങളെ വിഭജിക്കുന്നതു് ശരിയായ ഒരു നടപടിയാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതിനു സൂക്ഷ്മമായ ഒരു മറുപടി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. ABDULLA : ഒരു ഭൂതികരാഷ്ട്രമായി നിലകൊള്ളുന്നു എന്നു പറയുന്ന നാം ഇങ്ങനെ മതപരമായ വിഭജനങ്ങൾ നടത്തുന്നതു ശരിയാണോ?

HON'BLE MR. T. K. NARAYANA PILLAI : അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതേക്കുറിച്ചു് ആലോചിക്കാവുന്നതാണു്.

Creche at Alleppey.

* 116. MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*): Will the Honourable Minister for General Administration be pleased to state :

(*a*) do the Government know that a creche (a home for the destitute and orphans) is doing good and valuable social work in the municipal town of Alleppey ;

(*b*) has any representation been received by the Government from the authorities of this creche for financial aid ;

(*c*) if answer to part (*b*) is in the affirmative has any grant been given to this creche ; if so what is the amount ; and

(*d*) what grant if any, was given to the creche in 1122 and 1123 ?

HON'BLE MR. N. KUNJURAMAN: (*a*) Yes.

(*b*) Yes.

(*c*) The matter is engaging the attention of Government.

(*d*) Rs. 300.

MR. EAPEN ARAKKAL : ശിശുസംരക്ഷണകേന്ദ്രത്തിലേക്കു ഗ്രാന്റു കൊടുക്കണമെന്നു കാണിച്ചു കഴിഞ്ഞകൊല്ലത്തിലും ഈ കൊല്ലത്തിലും ഗവണ്മെന്റിലേയ്ക്കു അപേക്ഷകൾ അയച്ചിട്ടുള്ളതു കിട്ടിയിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : ഇല്ല.

MR. EAPEN ARAKKAL : അതുപ്പറ്റി അന്വേഷിച്ചു വേണ്ട ധനസഹായം ചെയ്യാൻ ഗവണ്മെന്റിനു ഭയവുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN : അന്വേഷിക്കാം. ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം അപ്രകാരം ചെയ്യുന്നതാണു്.

Non-Departmental bus lines.

* 117. MR. EAPEN ARAKKAL : Will the Honourable Minister for Transport be pleased to state :

(*a*) is there any time schedule for the starting of buses in non-departmental bus lines in the State ;

(*b*) if so, is it being enforced ;

(*c*) is there any office to check whether the buses in non-departmental services start in time ?

HON'BLE MR. K. R. ELANKATH: (*a*) Yes.

(*b*) Yes.

(*c*) Yes ; there are checking stations at starting and terminus points for this purpose.

LIBRARY ARCHIVES Kerala Legislative Assembly